മി. സ്പീക്കർ: ഘട്ടംഘട്ടമായി ചോദ്യം ചോദിച്ചാൽ എങ്ങനെയാണ്? ചോദ്യം എന്താണെന്നുവച്ചാൽ ചോദിക്കണം.

ശ്രീ. കെ. അനിരുദ്ധൻ: മറ്റു രാജ്യങ്ങളിൽനിന്നുള്ളവർക്കു അസൗകര്യങ്ങൾ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കണം. നമ്മുടെ സ്റേറ്റിൽ തന്നെ മെഡിക്കൽകോളേജ് വിദ്യാർത്ഥികളോ സംഘടനകളോ അനുകൂലമായ അഭിപ്രായം പറയാതിരിക്കുകകൂടി ചെയ്യുമ്പോൾ ഗവൺമെൻറ് ഇക്കാര്യത്തെസംബന്ധിച്ച് എടുത്ത തീരുമാനം തിരുത്തണമെന്ന കാര്യത്തിൽ എന്തു പറയുന്നു?

ശ്രീ. കെ. പി. പ്രഭാകരൻ: മറ്റു രാജ്യങ്ങളിലുള്ളവരുടെ ഇഷ്ടത്തിനുവേണ്ടിയല്ല ഇവിടെ മെഡിക്കൽ വിദ്യാഭ്യാസം നടത്തുന്നത്. ഈ രാജ്യത്തിനുവേണ്ടിയാണ് നടത്തുന്നത്. മറ്റു പല രാജ്യങ്ങളിലും അവരവരുടെ ഭാഷയിൽ മെഡിക്കൽ വിദ്യാഭ്യാസം നടത്തുന്നുണ്ട്.

ശ്രീ. കെ.എ. മാത്യു: സാങ്കേതികപദങ്ങൾ തർജ്ജമചെയ്യുമ്പോൾ അഭംഗിയും അശ്ലീലത്തിൻെറ ചുവയും ഉണ്ടാകുന്നുണ്ടെന്നുള്ളതു പരിഗണിച്ച് സാങ്കേതികപദങ്ങളുടെ കാര്യത്തിൽ ഇംഗ്ലീഷ്തന്നെ നിലനിറുത്താൻ ഗവൺമെൻറു ശ്രദ്ധിക്കുമോ?

ശ്രീ. കെ.പി. പ്രഭാകരൻ: തർജ്ജമയുടെ ഘട്ടത്തിൽ പരിഗണിക്കാവുന്നകാര്യമാണ്.

ശ്രീ. കെ.ജെ. ചാക്കോ: എന്നെ കെട്ടിവലിച്ചുകൊണ്ടുവന്നാലും മന്ത്രിയാകുകയില്ലെന്നു പറഞ്ഞ രാജ്നാരായണൻ കേന്ദ്രത്തിൽ ആരോഗ്യമന്ത്രിയായിരുന്നപ്പോൾ ചെയ്ത ഒരു തീരുമാനം, ആ തീരുമാനത്തിൽ ഇപ്പോൾ മാറ്റം വരുത്തിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇതും ഒന്നു പുനഃപരിശോധിക്കാൻ കേന്ദ്രഗവൺമെൻറിനോട് അഭ്യർത്ഥിക്കുമോ?

ശ്രീ. കെ.പി. പ്രഭാകരൻ: അങ്ങനെ ഒരു തീരുമാനമായിട്ടില്ലെന്നാണ് ഞാൻ പറഞ്ഞത്. പിന്നെ തീരുമാനം എന്നുവ്യാഖ്യാനിച്ചാൽ എങ്ങനെയാണ്. സംസ്ഥാനഗവൺമെൻറിൻെറ നിലപാടു എന്താണെന്നു ചോദിച്ചപ്പോൾ സംസ്ഥാനഗവൺമെൻറിൻെറ അഭിപ്രായം പറഞ്ഞു. അത്രയേ ഉള്ളൂ.

ശ്രീ. ആർ. സുന്ദരേശൻനായർ: അധ്യയനഭാഷ മലയാളമാക്കിക്കഴിഞ്ഞാൽ അതുകൊണ്ടുണ്ടാകുന്ന പ്രയാസങ്ങൾ പരിഗണിച്ച് ഇത് അംഗീകരിക്കാൻ സാധ്യമല്ലെന്ന് കേന്ദ്രഗവൺമെൻറിനെ അറിയിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ.പി. പ്രഭാകരൻ: അങ്ങനെ പുനഃപരിശോധിക്കേണ്ട ആവശ്യമുണ്ടെന്നു കരുതുന്നില്ല.

(ചോദ്യങ്ങൾ 253, 254 എന്നിവ ചോദിച്ചില്ല)

റൂറൽ ഡിസ്പെൻസറികൾ

*234 [255] ശ്രീ. ജി.പി. മംഗലത്തുമഠം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര റൂറൽ ഡിസ്പെൻസറികൾ അനുവദിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അലോപ്പതി, ഹോമിയോപ്പതി, ആയുർവ്വേദം എന്നിവ എത്രവീതം അനുവദിച്ചിട്ടുണ്ടെന്നുള്ള വിവരംകൂടി വ്യക്തമാക്കുമോ;

(സി) റൂറൽ ഡിസ്പെൻസറികൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ള ഔഷധങ്ങൾ അപര്യാപ്തമായതിനാൽ കൂടുതൽ ഔഷധങ്ങൾ അനുവദിക്കുവാൻ ദയവുണ്ടാകുമോ?

പൊതുജനാരോഗ്യവകുപ്പു മന്ത്രി (ശ്രീ. കെ.പി. പ്രഭാകരൻ):

(എ) 808.

(ബി) അലോപ്പതി 306, ഹോമിയോപ്പതി 124, ആയുർവ്വേദം 378.

(സി) സാമ്പത്തികശേഷിക്കനുസരണമായി കൂടുതൽ ഔഷധങ്ങൾ അനുവദിക്കുന്നകാര്യം പരിഗണിക്കുന്നതാണ്.

ശ്രീ. ജി.പി. മംഗലത്തുമഠം: അനുവദിക്കപ്പെട്ടിട്ടുള്ള ഔഷധങ്ങൾ അപര്യാപ്തമാണെന്നു ഗവൺമെൻറിനു ബോധ്യമായിട്ടുള്ള പരിതഃസ്ഥിതിയിൽ റൂറൽ ഡിസ്പെൻസറികളുടെ ആവശ്യത്തിനുവേണ്ട മരുന്നുകൾ വാങ്ങിക്കാൻ അതാതുസ്ഥലത്തെ ഡോക്ടറൻമാർക്ക് അനുവാദം കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. കെ.പി. പ്രഭാകരൻ: അനുവാദം കൊടുക്കുന്നതിൻെറ പ്രശ്നമല്ല, സാമ്പത്തികശേഷിയുടെ പ്രശ്നമാണ്.

ശ്രീ. ജി.പി. മംഗലത്തുമഠം: ഈ കൊല്ലം കൂടുതൽ റൂറൽ ഡിസ്പെൻസറികൾ അനുവദിക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ.പി. പ്രഭാകരൻ: ഈ വർഷം അതിനുള്ള സാമ്പത്തിക ശേഷിയില്ല.

ഡോക്ടർ കെ.സി. ജോസഫ്: ഉള്ള സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഇന്നുള്ള മരുന്നുവിതരണത്തിലെ അപാകതകൾ നീക്കിക്കൊണ്ട് ഓരോ ഡിസ്പെൻസറിക്കും ആവശ്യമായ മരുന്നുകൾ മാത്രം വാങ്ങുകയും അത്ര അത്യാവശ്യമില്ലാത്ത മരുന്നുകൾ കൂടുതൽ തുകയ്ക്കു വാങ്ങാതിരിക്കുകയും ചെയ്യുകയാണെങ്കിൽ എന്നും അത്യാവശ്യമുള്ള മരുന്നുകൾ ലഭ്യമാക്കാൻ സാധിക്കുമെന്നുള്ളതു ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരത്തിൽ ഒരു തീരുമാനം കൈക്കൊള്ളാൻ തയ്യാറാകുമോ?

ശ്രീ. കെ.പി. പ്രഭാകരൻ: അങ്ങനെ ഒരു അഭിപ്രായഗതി ഉണ്ട്. 1977-ൽ നിയമിച്ച ഹൈ പവ്വർ കമ്മിറ്റി അക്കാര്യം പരിശോധിച്ചു റിപ്പോർട്ടു സമർപ്പിക്കാൻ പോവുകയാണ്. ഇന്നുള്ള മരുന്നിൻെറ ഇനങ്ങൾ വളരെയധികം ചുരുക്കാനും പ്രൈമറി ഡിസ്പെൻസറികൾക്ക് ആവശ്യം വരുന്ന കൂടുതൽ മരുന്നുകൾ വാങ്ങിക്കാനും ഉള്ള നിർദ്ദേശത്തെപ്പറ്റി പരിഗണിച്ചു വരികയാണ്. റിപ്പോർട്ടു കിട്ടിക്കഴിഞ്ഞാൽ അടുത്ത സാമ്പത്തികവർഷത്തിൽ നടപ്പാക്കാൻ കഴിയും.

ശ്രീ. പി.പി.വി. മൂസ: ഒരു പഞ്ചായത്തിൽ ഒരു ഡിസ്പെൻസറി എന്ന നയം ഗവൺമെൻറ് നേരത്തെ പ്രഖ്യാപിച്ചിരുന്നു. അതിൻെറ അടിസ്ഥാനത്തിൽ ധാരാളം പഞ്ചായത്തുകളിൽ ഡിസ്പെൻസറികൾ

LIBRARY ARCHIVES Kerala Legislative Assembly

വരികയും ചെയ്തു. എന്നാൽ അതിനുശേഷം ബൈഫർക്കേറ്റു ചെയ്ത പഞ്ചായത്തുകളിൽ റൂറൽ ഡിസ്പെൻസറികൾ അനുവദിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ.പി. പ്രഭാകരൻ: ഒരു പഞ്ചായത്തിൽ ഏതെങ്കിലും ഒരു ഡിസ്പെൻസറി എന്നുള്ളതായിരുന്നു തീരുമാനം. എല്ലാ പഞ്ചായത്തുകളിലും ഡിസ്പെൻസറി സ്ഥാപിച്ചുകഴിഞ്ഞതിനുശേഷം ബൈഫർക്കേഷന്റെ ഫലമായി ഉണ്ടായ പുതിയ പഞ്ചായത്തുകളിൽ ഡിസ്പെൻസറികൾ ഇല്ല. അടുത്ത സാമ്പത്തികവർഷത്തിൽ അത്തരം പഞ്ചായത്തുകൾക്ക് മുൻഗണനകൊടുക്കുന്നതാണ്.

ശ്രീ. എ.എ. റഹീം: വർഷത്തിൽ പകുതി ദിവസങ്ങളിലേയ്ക്കുപോലും ആയുർവ്വേദാശുപത്രികൾക്ക് മരുന്നു വിതരണം ചെയ്യാൻ കഴിയാതെ വന്നിരിക്കുന്നതുകൊണ്ട് ഒന്നുകിൽ ഈ ഡിസ്പെൻസറികൾ ബാക്കി ആറു മാസക്കാലത്തേക്ക് അടച്ചിടുകയോ അല്ലാത്തപക്ഷം മരുന്നു എത്തിച്ചുകൊടുക്കാനുള്ള ഏർപ്പാടുണ്ടാക്കുകയോ ചെയ്യേണ്ടതാണ്. അലോപ്പതി മരുന്നാണെങ്കിൽ കടയിൽ വാങ്ങാൻകിട്ടുകയും ആയുർവ്വേദ മരുന്നുകൾ കടയിൽ വാങ്ങിക്കാൻ കിട്ടാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ആയുർവ്വേദ ഡിസ്പെൻസറികൾക്ക് എല്ലാദിവസവും പ്രവർത്തിക്കാനാവശ്യമായമരുന്ന് എത്തിച്ചുകൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: ആയുർവ്വേദമായാലും ആലോപ്പതിയായാലും അലോട്ട്മെന്റ് അനുസരിച്ചു പൈസയുണ്ടെങ്കിൽമാത്രമേ സാധിക്കുകയുള്ളു.

ശ്രീ. ലോനപ്പൻ നമ്പാടൻ: സ്ഥലസൗകര്യമുള്ള ആയുർവ്വേദാശുപത്രി കോമ്പൗണ്ടിൽ ഔഷധച്ചെടികൾ വച്ചുപിടിപ്പിക്കാനുള്ള ഒരു പദ്ധതി നടപ്പാക്കുമോ?

ശ്രീ. കെ.പി. പ്രഭാകരൻ: അങ്ങനെ കൂടുതൽ സ്ഥലസൗകര്യമുണ്ടെങ്കിൽ പരിശോധിക്കാം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: പഞ്ചായത്തുകളിലെ റൂറൽ ഡിസ്പെൻസറികൾക്ക് മരുന്നുവാങ്ങിക്കാനുള്ള പണം ഇല്ലെന്നുള്ളതുകൊണ്ട് സാമ്പത്തികശേഷിയുള്ള പഞ്ചായത്തുകൾക്ക് ഡോക്ടറുടെ ആവശ്യം അനുസരിച്ച് മരുന്ന് ലേലംചെയ്തു വാങ്ങിക്കൊടുക്കാനുള്ള ബ്ലാങ്കറ്റ് സാംഗ്ഷൻ കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ.പി. പ്രഭാകരൻ: പഞ്ചായത്തുവകുപ്പ് അങ്ങനെ ഒരു സഹായം ചെയ്യുകയാണെങ്കിൽ അത് നല്ലതായിരിക്കും.

ശ്രീ. സിറിയക് ജോൺ: അനുവദിച്ച അലോട്ട്മെന്റിൽ മൂന്നിലൊന്നുപോലും മരുന്ന് അനുവദിക്കാത്ത താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിപോലുമുണ്ട്. വൈത്തിരി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ അനുവദിച്ച മരുന്നിന്റെ മൂന്നിലൊന്നുപോലും. ലഭ്യമായിട്ടില്ലെന്നുള്ളതു പരിഗണിച്ചു അതു ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ.പി. പ്രഭാകരൻ: പ്രത്യേകമായി ചോദിച്ചാൽ മാത്രമേ മറുപടി പറയാൻ പറ്റുകയുള്ളു. അനുവദിച്ച മരുന്ന് പലസ്ഥലത്തും പൂർണ്ണമായി കൊടുക്കാൻ കഴിഞ്ഞിട്ടില്ല. അതിനുള്ള പ്രത്യേക സാഹചര്യമുണ്ടായത്, വെള്ളപ്പൊക്കം വന്നപ്പോഴാ ആദ്യം സംഭരിച്ചിരുന്ന മരുന്നിൽനിന്നും കുറെയധികം റിലീഫ് വർക്കിനുവേണ്ടി വിനിയോഗിക്കേണ്ട

LIBRARY ARCHIVES Kerala Legislative Assembly

വന്നു. കേന്ദ്രഗവൺമെന്റിൽനിന്നും വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനു വേണ്ട് അലോട്ടുചെയ്തുകിട്ടിയതനുസരിച്ച് ഓർഡർ കൊടുത്ത് മരുന്നുസപ്ലൈ വന്നുകൊണ്ടിരിക്കുകയാണ്. പൂർണ്ണമായി കൊടുക്കാത്തിടത്ത് ഈ മാസത്തിൽ കൊടുത്തുതീർക്കാൻ കഴിയും.

ശ്രീ. ടി.എം. ജേക്കബ്: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതനുസരിച്ച് ഹോമിയോ ഡിസ്പെൻസറികൾ വളരെ ചുരുക്കമാണ്. അതുകൊണ്ട് ഹോമിയോ ഡിസ്പെൻസറികളുടെ എണ്ണം വർദ്ധിപ്പിക്കാനും ഉള്ള ഡിസ്പെൻസറികൾ ബഡ്ഡോടുകൂടിയുള്ള ആശുപത്രിയാക്കി മാറ്റാനും വല്ല പരിപാടിയും ഉണ്ടാക്കാൻ തയ്യാറാകുമോ?

ശ്രീ. കെ.പി. പ്രഭാകരൻ: ഹോമിയോ ഡിസ്പെൻസറികൾ എണ്ണത്തിൽ കുറവായതുകൊണ്ട് നടപ്പുവർഷത്തിൽ ഹോമിയോ ഡിസ്പെൻസറികളാണ് കൂടുതൽ അനുവദിച്ചത്. ആയുർവ്വേദത്തിൽ 5-ഉം അലോപ്പതിയിൽ 6-ഉം ഹോമിയോപ്പതിയിൽ 21-ഉം അനുവദിച്ചു. ഹോമിയോപ്പതി ഡിസ്പെൻസറിയുടെ എണ്ണം ഉയർത്തിക്കൊണ്ടുവരാൻ ശ്രമിക്കുകയാണ്. ഏതു ഡിസ്പെൻസറിയായാലും അനുവദിക്കുന്നതിന് ഡിസ്പെൻസറിക്കാവശ്യമായ സ്ഥലവും കെട്ടിടവും പഞ്ചായത്തോ നാട്ടുകാരുടെ കമ്മിറ്റിയോ സംഭാവനചെയ്യണമെന്നുള്ളതാണ്. അതിന് പല സ്ഥലങ്ങളിലും മുന്നോട്ടു വരാത്ത സംഭവവുമുണ്ട്. ആവശ്യപ്പെട്ട സ്ഥലത്തുമുഴുവൻ അനുവദിക്കാനുള്ള സാമ്പത്തികശേഷി ഇല്ലാത്തതുകൊണ്ടും ഉണ്ട്. അടുത്ത സാമ്പത്തികവർഷത്തിൽത്തന്നെ ഇരുപത്തിരണ്ടോ, ഇരുപത്തിയഞ്ചോ അതിലധികം ഹോമിയോ ഡിസ്പെൻസറി അനുവദിക്കാൻ പറ്റുകയില്ല.

ശ്രീ. പാണാവത്തു കുഞ്ഞുമുഹമ്മദ്: ഡിസ്പെൻസറികൾ അനുവദിച്ചിട്ടും കെട്ടിടം ഇല്ലെന്ന കാരണംകൊണ്ട് തുടങ്ങാത്ത പഞ്ചായത്തുകളിൽ ജനങ്ങൾ കെട്ടിടം സൗകര്യപ്രദമായ രീതിയിൽ സംഭാവനചെയ്താൽ അടിയന്തിരമായി ആരംഭിക്കാൻ തയ്യാറാകുമോ? കോഴിക്കോടുജില്ലയിൽ വേളം പഞ്ചായത്തിൽ ഇത്തരം കെട്ടിടം സംഭാവനചെയ്തിട്ട് തുടങ്ങാൻ സാധിക്കാത്തതുകൊണ്ട് അവിടുത്തെ ആളുകൾ ബുദ്ധിമുട്ടുന്നു എന്ന കാര്യം പരിഗണിച്ച് അവിടെ ഡിസ്പെൻസറി തുടങ്ങാൻ അടിയന്തിരനടപടി സ്വീകരിക്കുമോ?

ശ്രീ. കെ.പി. പ്രഭാകരൻ: അതിനുള്ള പ്രയാസം, കെട്ടിടം പണിതുതരുന്നിടത്തു മുഴുവൻ തുടങ്ങാൻ സാമ്പത്തികമായ കഴിവില്ല. കാരണം, അലോപ്പതി ഡിസ്പെൻസറി ഉണ്ടാകണമെങ്കിൽ പ്രതിവർഷം 50,000 രൂപ റിക്കറിംഗ് എക്സ്പെൻഡിച്ചർ ഗവൺമെന്റ് ഉണ്ടാക്കണം. ആയുർവ്വേദമാണെങ്കിൽ 25,000 രൂപാ റെക്കറിംഗ് എക്സ്പെൻഡിച്ചർ പ്രതിവർഷം ഗവൺമെന്റ് ഉണ്ടാക്കണം. അതുകൊണ്ട് അതാതു കാലത്ത് അലോട്ടു ചെയ്യുന്ന സംഖ്യയ്ക്കുള്ളിൽ നിന്നുകൊണ്ടുമാത്രമേ ഇതിന് സാധിക്കുകയുള്ളു.

മി. സ്പീക്കർ: ആർഡർ, ആർഡർ, ചോദ്യോത്തരസമയം അവസാനിച്ചു.

(ചോദ്യോത്തരസമയം അവസാനിച്ചു.)

LIBRARY ARCHIVES Kerala Legislative Assembly